പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .616

11.07.2012-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധന സമയത്തെ വിദേശകപ്പലുകളുടെ മത്സ്യബന്ധനം

ചോദ്യം

മറുപടി

| | | | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>,, പി. കെ. ഗുരുദാസൻ<br>,, ബാബു എം. പാലിശ്ശേരി<br>,, ബി. സത്യൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതിനു ശേഷവും സംസ്ഥാനത്തിന്റെ സമുദ്രാതിർത്തികളിൽ വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും ലെറ്റർ ഓഫ് പെർമിഷൻ കേന്ദ്ര സർക്കാർ റദ്ദ ചെയ്തതായി അറിയാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ലെറ്റർ ഓഫ് പെർമിഷൻ റദ്ദ് ചെയ്തതായി അറിവില്ല. |
| (ബി) | എങ്കിൽ പ്രസ്തുത നടപടി നിയന്ത്രിക്കുന്നതിന് സാദ്ധ്യമാകാത്തത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ; | (ബി) | ലെറ്റർ ഓഫ് പെർമിറ്റ് വ്യവസ്ഥയിൽ (എൽ.ഒ.പി) സാങ്കേതിക മേന്മയുള്ള വിദേശ നിർമ്മിത കപ്പലുകൾക്ക് ഇൻഡ്യയുടെ ഇ.ഇ.ഇസഡ് (എക്സ്ക്ലൂസീവ് എക്കണോമിക് സോൺ)-ൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുമതി നൽകുന്നത് കേന്ദ്ര സർക്കാരാണ്. |
| (സി) | ട്രോളിംഗ് നിരോധനം ആരംഭിച്ചതിനു ശേഷം അന്യസംസ്ഥാന ബോട്ടുകൾ കേരള തീരത്തുനിന്നും പൂർണ്ണമായും ഒഴിഞ്ഞുപോയിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (സി) | ഉറപ്പാക്കിയിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ ബോട്ടുകളൊന്നും ട്രോളിംഗ് നിരോധനം ലംഘിച്ചതായി റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ